# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1011** **12.07.2016 ൽ മറുപടിയ്ക്ക്**

## പഴം, പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ടി.വി. രാജേഷ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന(എ) പഴങ്ങളിലും പച്ചക്കറികളിലും മാരകമായ രീതിയിൽ കീടനാശിനി പ്രയോഗിക്കുന്നത് കണക്കിലെടുത്ത് പരിശോധന നടത്തുന്നതിനും, കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്നും വിശദീകരിക്കാമോ; | ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പഴം പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനികളുടെ വിഷാംശത്തിന്റെ തോത് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ പരിശോധിക്കുകയും റിപ്പോർട്ട് പരസ്യപ്പെടുത്തുകയും ചെയ്തു വരുന്നു. ഇതു വഴി ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെപ്പറ്റി അവബോധം ഉണ്ടാകുന്നു.<br>പരിശോധനാ ഫലങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം കീടനാശിനികളുടെ അളവ് കൂടുതലാണെങ്കിൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളുടെ ഉറവിടം സെയിൽസ് ടാക്സ് വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി ആ വിവരം അതാത് സംസ്ഥാനങ്ങളിലെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുമായി ആലോചിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും പദ്ധതിയുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, പഴം പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിനുള്ള ഓരോ ലാബു വീതം സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ അയൽ സംസ്ഥാനങ്ങളിലെ കേരളത്തോട് ചേർന്നുകിടക്കുന്ന സമീപ പ്രദേശങ്ങളിലുള്ള പച്ചക്കറി കർഷകർക്ക് അമിത കീടനാശിനി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ചും വിഷ രഹിത പച്ചക്കറി ഉല്പാദനത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി എഫ്.ഐ.ബി. മുഖേന ടി പ്രദേശത്തെ പത്രങ്ങളിൽ |

പ്രാദേശിക ഭാഷയിൽ വാർത്ത നൽകാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്(ബി) സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

നല്ല കൃഷിമുറകൾ പാലിച്ച് കൊണ്ട്സുരക്ഷിതമായ ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 292 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഒരു ക്ലസ്റ്ററിൽ 15 മുതൽ 25 ഹെക്ടർ സ്ഥലത്ത് നല്ല കൃഷി മുറകൾ പാലിച്ച് കൊണ്ട് കൃഷി വകുപ്പിന്റെ കർശന മേൽ നോട്ടത്തിൽ കൃഷി ആരംഭിക്കും. 13 ജില്ലകളിലെ 146 ബ്ലോക്കുകളിലും 2 ക്ലസ്റ്ററിൽ 75,000/- രൂപ ധന സഹായം അനുവദിക്കുന്നതാണ്.

കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി ഒരു ബ്ലോക്കിൽ 10 റ്റൂറൽ കമ്പോസ്റ്റ്,10 മണ്ണിര കമ്പോസ്റ്റ് എന്നീ ക്രമത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ (1460 റ്റൂറൽ കമ്പോസ്റ്റ് + 1460 മണ്ണിര കമ്പോസ്റ്റ്) ആരംഭിക്കും. റ്റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിരകമ്പോസ്റ്റ് യൂണിറ്റിന്7,500/- രൂപ വീതം അനുവദിച്ചുവരുന്നു.

നല്ല കൃഷി മുറകൾ (ജി.എ.പി) പാലിച്ച് ക്ലസ്റ്ററുകളിൽ ഉല്പാദിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടു കൂടി റസിഡന്റ്സ് അസോസിയേഷനുകളിൽ വില്പന നടത്തുന്നതിന് ഒരു ക്ലസ്റ്ററിന് 3 ലക്ഷം രൂപ വീതം ആകെ 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു.

ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. 111 ലക്ഷം രൂപയാണ് ഇതിനായി ചില വഴിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും അവർക്ക് സാമ്പത്തിക സഹായവും അനുവദിക്കാൻ പദ്ധതിയുണ്ട്.

സെക്ഷൻ ഓഫീസർ